No. CEE/4600/2019/KEAM-2020/TA3


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


# പത്രക്കുറിപ്പ്

## KEAM-2020

## ബി.ഡി.എസ് കോഴ്സിലേയ്ക്കുള്ള രണ്ടാം ഘട്ട മോപ് അപ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2020-ലെ ബി.ഡി.എസ് കോഴ്സിന്റെ ഒന്നാംഘട്ട മോപ് അപ്പ് അലോട്ട്മെന്റിനുശേഷം വന്ന ഒഴിവുകൾ നികത്തുന്നതിനായി നടത്തിയ രണ്ടാം ഘട്ട മോപ് അപ് കൗൺസിലിംഗിന്റെ അലോട്ട്മെന്റ് ഫലം www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 31/12/2020 മുതൽ 02/01/2021 വൈകിട്ട് 3.00 മണി വരെ ഓപ്ഷൻ കൺഫർമേഷൻ നടത്തിയ വിദ്യാർത്ഥികളുടെ ഓപ്ഷനുകൾ പരിഗണിച്ചാണ് രണ്ടാം ഘട്ട മോപ്അപ്പ് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്. 31.12.2020ലെ വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായാണ് രണ്ടാ ഘട്ട മോപ് അപ്പ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

രണ്ടാംഘട്ട മോപ്അപ് അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങളും അലോട്ട്മെന്റ് മെമ്മോയും വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

രണ്ടാം ഘട്ട മോപ് അപ് അലോട്ട്മെന്റ് പ്രകാരം പുതുതായി അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അടയ്ക്കേണ്ടതുമായ തുക **04.01.2021 മുതൽ 07.01.2021 വൈകുന്നേരം 3.00 മണിക്കു മുമ്പായി ഓൺലൈൻ പേയ്മെന്റ്** മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും **ഹെഡ് പോസ്റ്റ് ഓഫീസ്** (പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.) മുഖാന്തിരമോ ഒടുക്കിയതിനു ശേഷം അതാത് കോളേജുകളിൽ **07.01.2021 വൈകിട്ട് 3.00** മണിക്ക് മുമ്പ് ഹാജരായി പ്രവേശനം നേടേണ്ടതാണ്.

അലോട്ടുമെന്റ് സംബന്ധിച്ച വിശദമായ വിജ്ഞാപനവും പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ: **0471 2525300**

തിരുവനന്തപുരം
03. 01.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**